ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ റേഷൻ സബ്സിഡി

108 (765) ശ്രീമതി എൻ.കെ. പ്രേമചന്ദ്രൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷന് അർഹതയുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ എത്രയാണുള്ളത്;

(ബി) ഈ ജനവിഭാഗത്തിന് പൂർണ്ണമായും റേഷൻ സബ്സിഡി കേന്ദ്രം അനുവദിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ എത്ര ശതമാനം പേർക്ക് സബ്സിഡി കേന്ദ്രം നൽകുന്നു;

(ഡി) സംസ്ഥാന ഗവൺമെന്റ് സ്വന്തം നിലയിൽ എത്ര ശതമാനം ജനങ്ങൾക്കാണ് സബ്സിഡി നൽകിവരുന്നത്;

(ഇ) ഈ ഇനത്തിൽ സംസ്ഥാന സർക്കാരിനുണ്ടാകുന്ന ചെലവ് എത്രയാണ്;

(എഫ്) സംസ്ഥാനത്തെ റേഷൻകടകളിൽ കൂടി വിതരണം ചെയ്തുകൊണ്ടിരിക്കുന്ന അരിക്ക് നൽകി വരുന്ന സബ്സിഡിയിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ജി) ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്ക് റേഷൻകടകളിലൂടെ നൽകുന്ന അരിയ്ക്കുള്ള സബ്സിഡി എത്ര രൂപയാണ്;

(എച്ച്) റേഷൻകടകളിലൂടെ കൂടുതൽ അരി വിൽക്കുന്നതിനും പൊതു മാർക്കറ്റിൽ ഇടപെടൽ കൂടുതൽ ഫലപ്രദമാക്കുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 42% കുടുംബങ്ങളാണ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായി തിരിച്ചറിയപ്പെട്ടിട്ടുള്ളത്.

(ബി) ഇല്ല.

(സി) 25.43% കുടുംബാംഗങ്ങൾക്ക് മാത്രമാണ് കേന്ദ്രം സബ്സിഡൈസ്ഡ് ചെയ്ത വിലയ്ക്ക് റേഷൻ അരി നൽകുന്നത്.

(ഡി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ബാക്കി 17% കുടുംബങ്ങൾക്ക് കേന്ദ്ര സർക്കാർ നൽകുന്ന അതേ നിരക്കിലും തോതിലും സംസ്ഥാനം റേഷൻ സബ്സിഡി നൽകുന്നു. കൂടാതെ, ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള എല്ലാ കുടുംബങ്ങൾക്കും പ്രതിമാസം 16 കിലോ അരി രണ്ടു രൂപാ സംസ്ഥാന സർക്കാർ സബ്സിഡിയോടുകൂടി കിലോഗ്രാമിന് 10 രൂപ 40 പൈസയ്ക്കും നൽകി വരുന്നു.

(ഇ) പ്രതിവർഷം ഉദ്ദേശം 150 കോടിയോളം രൂപ.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കേന്ദ്ര സർക്കാർ റേഷൻ വിലയിലും അളവിലും മാറ്റം വുത്തി യതിന്റെ അടിസ്ഥാനത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ആഴ്ചയിൽ 5 കിലോഗ്രാം ക്രമത്തിൽ ഒരു മാസം പരമാവധി 20 കിലോ ഗ്രാം അരി 6.40 രൂപയ്ക്കും ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്ക് പ്രതിമാസം 16 കിലോഗ്രാം അരി സംസ്ഥാന സർക്കാരിന്റ 2 രൂപ സബ്സിഡിയോടുകൂടി കിലോഗ്രാമിന് 10.40 രൂപയ്ക്കും നൽകിവരുന്നു.

(ജി) 11.6.2000 മുതൽ കിലോയ്ക്ക് രണ്ടു രൂപ.

(എച്ച്) കേന്ദ്ര സർക്കാർ റേഷനരിയ്ക്കുള്ള സബ്സിഡി നിർത്തലാക്കി കേന്ദ്ര വിൽപ്പന വില വർദ്ധിപ്പിച്ചതുമൂലം 1.4.2000 മുതൽ റേഷനരിയുടെ വിൽപ്പനയിൽ സംസ്ഥാനത്ത് ഗണ്യമായ കുറവുണ്ടായി, വിൽപ്പന വർദ്ധിപ്പി ക്കുന്നതിനായി ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള കുടുംബങ്ങൾക്ക് 10.6.2000 വരെ കിലോയ്ക്ക് 1 രൂപ ക്രമത്തിൽ നൽകിവന്നിരുന്ന സബ്സിഡി ആനു കൂല്യം 11.6.2000 മുതൽ 2 രൂപയായി വർദ്ധിപ്പിച്ച് കിലോഗ്രാമിന് 10.40 രൂപ നിരക്കിൽ പ്രതിമാസം 16 കിലോഗ്രം അരി നൽകിവരുന്നു.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് വിതരണം ചെയ്യുന്ന അരിയുടെ ഗുണനിലവാരം

109 (766)ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകടകളിൽകൂടി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കുറഞ്ഞ വിലയ്ക്ക് നൽകിക്കൊണ്ടിരിക്കുന്ന അരി ഗുണനിലവാരം കുറഞ്ഞ താണെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വില കൂടിയ അരി വാങ്ങിയാലെ സബ്സിഡി അരി നൽകൂ എന്ന് ചില റേഷൻ കടക്കാർ നിർബന്ധിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം റേഷൻഷാപ്പുടമകൾക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) ഗുണനിലവാരം പരിശോധിച്ച് അരി എടുക്കാൻ റേഷൻ ഷാപ്പുട മകൾക്കും ഹോൾസെയിൽ കടക്കാർക്കും ഇപ്പോൾ നിർദ്ദേശം നൽകിയി ട്ടുണ്ടോ;

(ഇ) ഗുണനിലവാരം കുറഞ്ഞ അരി വിൽക്കുന്നത് പരിശോധിക്കുവാൻ പഞ്ചായത്ത് പ്രസിഡന്റിന് അധികാരം നൽകിയിട്ടുണ്ടോ;

(എഫ്) റേഷൻകടകളിൽകൂടി നല്ല അരി മാത്രം വിതരണം ചെയ്യുന്ന തിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചുരുക്കം ചില പരാതികൾ കിട്ടിയിട്ടുണ്ട്. സംസ്ഥാനത്ത് വിതര ണത്തിന് നല്ല ഗുണനിലവാരമുള്ള അരി ലഭ്യമാക്കണമെന്ന് കേന്ദ്രത്തോട് ശക്തിയായി ആവശ്യപ്പെട്ടിട്ടുണ്ട്. ഗുണനിലവാരമുള്ള അരി മാത്രമേ വിതരണ ത്തിനായി ഫുഡ് കോർപ്പറേഷൻ ഗോഡൗണുകളിൽനിന്നും എടുക്കാവൂ എന്ന് സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്.

(ബി) ഇല്ല. അങ്ങനെ യാതൊരു നിബന്ധനയും ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly